മാതൃഭൂമി

6 March 2017

# വിദേശക്കപ്പലുകളുടെ മീൻകൊള്ളയ്ക്ക് ഒരു ചൂണ്ടക്കൊളുത്ത്




രാജ്യത്തിന്റെ വിദേശനാണ്യവരുമാനത്തിൽ വൻചോർച്ചയുണ്ടാക്കുകയും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ കൂടുതൽ ദരിദ്രമാക്കുകയും ചെയ്യുന്ന വിദേശക്കപ്പലുകളുടെ മീൻപിടിത്തം വിലക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം വൈകിയുള്ളതാണെങ്കിൽപ്പോലും പ്രശംസനീയമാണ്. ഇന്ത്യയുടെ സമുദ്രാതിർത്തിക്കുള്ളിൽ സർക്കാർ നൽകുന്ന അനുമതി പത്രത്തിന്റെ മറവിൽ നിർബാധം നടത്തിയിരുന്ന മീൻകൊള്ളയ്ക്ക് ഇതോടെ അറുതി വരും. ഏറെക്കാലമായി മത്സ്യത്തൊഴിലാളിസംഘടനകളും പരിസ്ഥിതിസംഘടനകളും വിദേശക്കപ്പലുകളുടെ മീൻപിടിത്തം നിരോധിക്കണമെന്നാവശ്യപ്പെട്ടിരുന്നു. കടലിൽ ഇന്ത്യയുടെ പ്രത്യേക സാമ്പത്തികമേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഇന്ത്യൻ കപ്പലുകൾക്കു മാത്രമേ മീൻപിടിക്കാൻ അവകാശമുള്ളൂ.

പക്ഷേ, ഫിഷറീസ് വകുപ്പിന്റെ ‘ലെറ്റർ ഓഫ് പെർമിറ്റ്’ എന്ന അനുമതിപത്ര സംവിധാനമുപയോഗിച്ച് ഇന്ത്യൻ മീൻപിടിത്തക്കമ്പനികൾ ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള വിദേശക്കപ്പലുകൾ വാങ്ങുന്നതായിരുന്നു പതിവ്. ആ പദ്ധതിപ്രകാരം ഇന്ത്യൻ സാമ്പത്തികമേഖലയിൽ പ്രവർത്തിക്കുന്ന വിദേശക്കപ്പൽ സ്വരാജ്യത്തുള്ള അതിന്റെ രജിസ്ട്രേഷൻ മടക്കിക്കൊടുക്കണമെന്നും ചെലവിന്റെ പത്തുശതമാനം ഇന്ത്യൻ

സ്ഥാപനം നൽകണമെന്നും കപ്പലിലെ തൊഴിലാളികളിൽ 25 ശതമാനം പേർ ഇന്ത്യക്കാരായിരിക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു. അനുമതിപത്രം ലഭിച്ച് മൂന്നുവർഷത്തിനുള്ളിൽ കപ്പലിന്റെ പൂർണമായ ഉടമസ്ഥത ഇന്ത്യൻ സ്ഥാപനത്തിനാവണമെന്നും തൊഴിലാളികൾ മുഴുവൻ ഇന്ത്യക്കാരാവണമെന്നുമൊക്കെയായിരുന്നു വ്യവസ്ഥകൾ.

എന്നാൽ, വിരുദ്ധമായാണു കാര്യങ്ങൾ നടന്നിരുന്നത്. വിദേശരാജ്യങ്ങളിലെ രജിസ്ട്രേഷനോടെ തന്നെ ഒട്ടേറെ കപ്പലുകൾ ഇന്ത്യൻ കടലിൽ മീൻ കോരിയെടുത്തു പണം കൊയ്തു. ഇന്ത്യൻ സ്ഥാപനങ്ങൾ കമ്മിഷൻ കൈപ്പറ്റുന്ന വെറും ആൾപ്പേർ ഉടമകൾ മാത്രമായി നിൽക്കുകയും വിദേശ സ്ഥാപനങ്ങൾ വൻ ലാഭമുണ്ടാക്കുകയും ചെയ്തിരുന്ന അനുമതിപത്ര സമ്പ്രദായം ഫലത്തിൽ ലൈസൻസുള്ള കൊള്ളയായിരുന്നു.

ഇന്ന് ലോകം നേരിടുന്ന പ്രതിസന്ധികളിലൊന്നാണ് മത്സ്യസമ്പത്തിലുള്ള കുറവ്. നമ്മുടെ കടലിൽ സുലഭമായിരുന്ന ചാള, അയല, ചൂര, നത്തോലി തുടങ്ങിയ മീനുകൾ ഇപ്പോഴങ്ങനെയല്ല. കാലാവസ്ഥാവ്യതിയാനത്തിനൊപ്പം കടലിന്റെ അടിത്തട്ടുവരെ അരിച്ചുപെറുക്കിയുള്ള വിദേശക്കപ്പലുകളുടെ മീൻകൊയ്ത്തിനും അവയ്ക്കുണ്ടായ കുറവിൽ വലിയ പങ്കുണ്ട്. അമിത മീൻപിടിത്തം എന്ന ചൂഷണം ലോകത്താകെ മത്സ്യസമ്പത്തിൽ വലിയ ശോഷണമുണ്ടാക്കിയിട്ടുണ്ട്. സമുദ്രാവാസവ്യവസ്ഥയിലെ ജൈവപിണ്ഡത്തിന്റെ അളവുകുറയാനും ജൈവവളർച്ചനിരക്കു താഴാനും സ്രോതസ്സുകൾ ശൂന്യമാകാനും അമിത മീൻപിടിത്തം വഴിയൊരുക്കുന്നു. വേൾഡ് വൈൽഡ് ലൈഫ് ഫണ്ടും ലണ്ടൻ സുവോളജിക്കൽ സൊസൈറ്റിയും ചേർന്ന് 2015 സെപ്റ്റംബർ 16-നു പുറത്തിറക്കിയ ‘ലിവിങ് ബ്ലൂ പ്ലാനറ്റ് റിപ്പോർട്ട്’ വെളിപ്പെടുത്തിയത് 1970-2010 കാലത്തിനിടയ്ക്ക് ലോകത്തെമ്പാടുമുള്ള മത്സ്യസമ്പത്തിൽ അയല, ചൂര, കോര തുടങ്ങിയവയിൽ 74 ശതമാനം കുറവുണ്ടായിട്ടുണ്ടെന്നാണ്.

അമിത മീൻപിടിത്തത്തിന്റെ ദുഷ്ഫലത്തിൽനിന്നു പഴയപടിയായിത്തീരാൻ ഒരു മത്സ്യമേഖലയ്ക്കുള്ള ശേഷി ആവാസവ്യവസ്ഥയുടെ സ്ഥിതിയനുസരിച്ചിരിക്കും. മീൻകൊള്ള മിക്കപ്പോഴും ആവാസവ്യവസ്ഥയിൽ മാറ്റമുണ്ടാക്കുന്നതിനാൽ മീനുകൾക്ക് പ്രജനനത്തിലൂടെ പെരുകാൻ കഴിയാതാവുന്നു. കടലിലെ ജീവസന്തുലിതത്വത്തെ മാത്രമല്ല, മീനിനെ ആശ്രയിച്ചു കഴിയുന്ന മത്സ്യത്തൊഴിലാളിസമൂഹങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ സ്വസ്ഥജീവിതത്തെയും യന്ത്രവത്കൃത കപ്പലുകളുടെ അമിത മീൻപിടിത്തം തകർക്കുന്നു. ഇതിനെതിരായ പ്രതിരോധമാണ് വിദേശക്കപ്പലുകളെ വിലക്കുന്നതിലൂടെ ഇപ്പോഴെങ്കിലും ഇന്ത്യ നടപ്പാക്കുന്നത്.

കടലിലെ നിയമത്തെക്കുറിച്ചുള്ള ഐക്യരാഷ്ട്രസഭയുടെ ഉടമ്പടി മീൻപിടിത്തത്തെപ്പറ്റി ഒട്ടേറെ വ്യവസ്ഥകൾ മുന്നോട്ടുവച്ചിട്ടുണ്ട്. സമുദ്രതീരമുള്ള ഓരോ രാജ്യവും കടലിൽ അതിനുള്ള പ്രത്യേക സാമ്പത്തികമേഖലയിലെ ജൈവസ്രോതസ്സുകൾ അമിതചൂഷണത്തിലൂടെ അന്യംനിന്നുപോകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇതു പാലിച്ചുകൊണ്ടുവേണം ആ മേഖലയിലെ ജൈവസ്രോതസ്സുകൾ പ്രയോജനപ്പെടുത്തേണ്ടത്. പക്ഷേ, മീൻവംശങ്ങളുടെ സുസ്ഥിരതയ്ക്കുവേണ്ടിയുള്ള മാനദണ്ഡങ്ങളെ കാറ്റിൽപ്പറത്താൻ ശേഷിയുള്ളതാണ് അതിശക്തമായ മത്സ്യവ്യവസായം. അമിത മീൻപിടിത്തം തടയാനുള്ള സർക്കാർനയങ്ങളിൽ വെള്ളംചേർക്കാനും മുക്കിക്കളയാനും അവർ വിജയിച്ചതായാണു ചരിത്രം.

അനുമതിപത്രങ്ങളുടെ മറവിലും നിയമവിരുദ്ധമാർഗങ്ങളിലും അവർ മീൻകൊള്ള നടത്തുന്നു; പഴുതില്ലാത്ത യന്ത്രവലകളിലൂടെ മീൻ കുഞ്ഞുങ്ങളെപ്പോലും കൊന്നൊടുക്കി

സമുദ്രത്തെ ഒഴിഞ്ഞപാത്രവും മത്സ്യത്തൊഴിലാളികളെ നിരാശ്രയരുമാക്കുന്നു. ഇന്ത്യയുടെ സമുദ്രമേഖലയിൽ അനുമതിപത്രം വാങ്ങി മീൻപിടിക്കുന്ന കപ്പലുകൾ മിക്കതും അവയുടെ കൊയ്ത്ത് ഇവിടത്തെ തുറമുഖങ്ങളിലേക്കു കൊണ്ടുവരാതെ കടലിൽ വച്ചുതന്നെ മറ്റു രാജ്യങ്ങളുടെ കപ്പലുകളിലേക്കു മാറ്റുന്ന പതിവുണ്ട്. അനുമതിപത്രസമ്പ്രദായത്തിൽ ഈ മറിച്ചുവിൽക്കലിന് ഒരു നിയന്ത്രണവുമുണ്ടായിരുന്നില്ല. കപ്പലുകളിൽ മിക്കതിന്റെയും രജിസ്ട്രേഷൻ വിദേശരാജ്യത്തായതിനാൽ ആ കച്ചവടത്തിൽനിന്ന് ഇന്ത്യക്കു വരുമാനംകിട്ടാനും മാർഗമുണ്ടായിരുന്നില്ല. അനുമതിപത്ര സമ്പ്രദായം ഇല്ലാതാകുന്നത് ഇന്ത്യയിലെ മത്സ്യവ്യവസായത്തിനും മത്സ്യത്തൊഴിലാളി ജീവിതത്തിനും ഉണർവുനൽകുമെന്ന കാര്യത്തിൽ സംശയമില്ല.